# ഗവ: ട്രൈബൽ എൽ പി സ്കൂൾ ശ്വാവെട്ടി

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26

"മനുഷ്യനിലുള്ള സമ്പൂർണ്ണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം"

സ്വാമി വിവേകാനന്ദൻ

Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഗവ: റ്റി. എൽ. പി. സ്കൂൾ മാവെട്ടി

സ്കൂൾ കോഡ് : 44325

വിദ്യാഭ്യാസ ഉപജില്ല : കാട്ടാക്കട

റവന്യൂ ജില്ല : തിരുവനന്തപുരം

വിദ്യാഭ്യാസ ജില്ല : നെയ്യാറ്റിൻകര

ബി ആർ സി : കാട്ടാക്കട

സി ആർ സി : മാവെട്ടി

ഗ്രാമ പഞ്ചായത്ത് : കള്ളിക്കാട്

ബ്ലോക്ക് : പെരുങ്കടവിള

നിയമസഭാ മണ്ഡലം : പാറശ്ശാല

താലൂക്ക് : കാട്ടാക്കട

വില്ലേജ് :

Scanned with OKEN Scanner

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഉപജില്ലയിൽ ഗവ: ട്രൈബൽ എൽ പി സ്കൂളിലെ കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന വേണ്ടി എഴുതി തയാറാക്കിയ മാസ്റ്റർ പ്ലാൻ ആണിത്. ഈ സ്കൂളിൽ ഒന്നു മുതൽ നാലു വരെ ക്ലാസുകളിലായി ചേർന്നിട്ടുള്ള 25 കുട്ടികളെയും അക്കാദമിക പരമായി വായന എഴുത്ത് എന്നിവയിൽ മികച്ചവരാക്കാൻ വേണ്ടി തയാറാക്കിയ രൂപരേഖയാണ് ഈ മാസ്റ്റർ പ്ലാൻ.

ഈ സ്കൂളിൽ ചേർന്നിട്ടുള്ള മുഴുവൻ കുട്ടികളും ഭാഷയിൽ ലളിതമായ ബാല സാഹിത്യ കൃതികൾ വായിച്ചും ആശയം പറഞ്ഞും എഴുതിയും ആശയ കൈമാറ്റം നടത്താൻ കഴിവുള്ളവരാക്കുക; ആശയഗ്രഹണത്തിലൂടെ അക്ഷരത്തിലേക്കും വാക്കുകളിലേക്കും വാക്യങ്ങളിലേക്കും എത്തുന്നതിനായി, സ്വതന്ത്ര രചനയിലൂടെ ഉയർന്ന പഠന നിലവാരത്തിൽ എത്തുക എന്നതാണ് ലക്ഷ്യം നൽകുന്നത്.

Scanned with OKEN Scanner

## പൊതു വിദ്യാഭ്യാസ വകുപ്പ്

ആവിഷ്കരിച്ചു നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി മാറി വരുന്ന പാഠ്യപദ്ധതിക്കും കാലഘട്ടത്തിനും അനുയോജ്യമായി ഈ സ്കൂളിലെ എല്ലാ കുട്ടികളിലും പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ് ഇത് തയാറാക്കുന്നത്.

- അധ്യാപകയോഗം

ലക്ഷ്യം:- വിദ്യാലയത്തിന്റെ നിലവിലെ അവസ്ഥ വിശകലനം ചെയ്യൽ, മെച്ചപ്പെടുത്തൽ

### പ്രവർത്തന വിശദാംശം

സ്കൂൾതല അക്കാദമിക ആസൂത്രത്തിന്റെ ആദ്യപടിയായി പ്രധമാധ്യാപികയുടെ നേതൃത്വത്തിൽ യോഗം ചേരുകയും വാർഷിക അക്കാദമിക പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകാൻ തുടക്കം കുറിക്കുകയും ചെയ്തു.

Scanned with OKEN Scanner

- എസ് എം സി, പിടിഎ

ലക്ഷ്യം:- സ്കൂളിന്റെ നിലവിലെ നേട്ടങ്ങളും പരിമിതികളുമായി ബന്ധപ്പെട്ട് ചർച്ച, പരിഹാരമാർഗങ്ങൾ പങ്കിടുന്നു....

- മാസ്റ്റർ പ്ലാൻ അവതരണ സെമിനാർ

  - പ്രീ പ്രൈമറി വിഭാഗം ശക്തിപ്പെടുത്തുക
  - സ്കൂൾ, ക്ലാസ് തല ലൈബ്രറി പ്രയോജനപ്രദമാക്കൽ
  - സ്കൂൾ - എന്റെ പകൽ വീട്

## ലക്ഷ്യങ്ങൾ

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

## പ്രവർത്തനങ്ങൾ

- പ്രീ ടെസ്റ്റ്
- അക്ഷരം ഉറപ്പിക്കൽ
- അടയാളം ഉറപ്പിക്കൽ
- അക്ഷര കാർഡ് നൽകൽ
- പദ കാർഡ്
- വായന കാർഡ്
- സംയുക്ത ഡയറി എഴുത്ത്
- ശില്പശാലകൾ
- ലഘു വാക്യ നിർമാണം
- കഥാ പുസ്തകങ്ങൾ നൽകൽ
- ചിത്ര വായന
- ചിത്ര രചന
- ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്.
- സംഖ്യാബോധം

Scanned with OKEN Scanner

കാലയളവ്

ജൂൺ - സെപ്റ്റംബർ

മികച്ച വായനക്കാരൻ - വായനക്കാരി

ലക്ഷ്യങ്ങൾ

→ എല്ലാവർക്കും എഴുത്തും വായനയും

→ വായനക്കൂട്ടി

→ എഴുത്ത് കൂട്ടം

→ അമ്മ വായന

→ ക്ലാസ് ലൈബ്രറി

പൊതു ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗോത്ര - മലയോര മേഖല അന്തരീക്ഷത്തിൽ തികച്ചും സൗജന്യ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.

2. പ്രീ - പ്രൈമറി മുതൽ നാലാം ക്ലാസുവരെ ഓരോ വിഷയത്തിലും മാറി വന്ന പാഠ്യപദ്ധതിക്ക്

അനസ്യൂതമായി നേടേണ്ട ശേഷികൾക്ക്
ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങ
ളും അവ സമയബന്ധിതമായി നടപ്പാക്കാൻ
ഉതകുന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

3. ആരോഗ്യം, ശുചിത്വം, ദിനാചരണം, പരസ്പ
ര സഹകരണം തുടങ്ങിയ മൂല്യങ്ങളും മനോഭാ
വങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹച
ര്യം ഒരുക്കൽ...

4. പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് പ്രത്യേക
പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന
വിദ്യാലയ അന്തരീക്ഷം ഒരുക്കൽ....

5. സാമൂഹിക - പാരിസ്ഥിതിക അവബോധ
ത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈ
മാറേണ്ട താത്കാലിക വാസികൾ മാത്രമാണ്
'മനുഷ്യൻ' എന്ന അവബോധത്തോടെ പരി
സ്ഥിതിയെ കാത്തു സൂക്ഷിക്കാനും സുസ്ഥിര
വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതി
നു കുട്ടിയെ പ്രാപ്തനാക്കൽ....

# പ്രവർത്തനങ്ങൾ

| | പരിപാടിയുടെ പേര് | കാലയളവ് |
|---|---|---|
| 1. | വായനോത്സവം | ജൂൺ - മാർച്ച് |
| 2. | കഥോത്സവം | ജനുവരി - മാർച്ച് |
| 3. | രചനോത്സവം | ജനുവരി - മാർച്ച് |
| 4. | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 5. | ഡയറി എഴുത്ത് (ഇംഗ്ലീഷ്, മലയാളം) | ജൂലൈ - ഫെബ്രുവരി |
| 6. | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 7. | സർഗാത്മകരചന | ജൂലൈ - ഡിസംബർ |
| 8. | റീഡേഴ്സ് തിയേറ്റർ | ജൂലൈ - മാർച്ച് |

- ക്ലാസ് സഭ, സ്കൂൾ അസംബ്ലി, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- വായന സാമഗ്രികൾ കണ്ടെത്തുക.
- ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.

Scanned with OKEN Scanner

- ഭിന്നശേഷിക്കാർക്കായി പ്രവർത്തനങ്ങൾ
- അമ്മമാർക്ക് ഇഷ്ട പുസ്തകം തെരഞ്ഞെടുക്കുവാൻ അവസരം, വായനക്കുറിപ്പ് തയ്യാറാക്കൽ
- ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- സചിത്ര പുസ്തകത്തിന്റെ സഹായത്താൽ ലഘു വാക്യനിർമ്മാണം.

## തനത് പ്രവർത്തനം - ഫ്രെയിം

പരിസരത്തെ ജീവജാലങ്ങളെ നിരീക്ഷിക്കൽ, ഫോട്ടോ ഷെയർ ചെയ്യൽ, കണ്ടെത്തൽ വിവരങ്ങൾ ശേഖരിക്കൽ 1-ാം ക്ലാസ്സ് മുതൽ 4 വരെയുള്ള കുട്ടികൾ ഈ പ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കുന്നു. സ്കൂളിലെ രക്ഷിതാക്കളുടെ സഹായത്തോടെ മലയോരമേഖലയിലേക്കു വരുന്ന വന്യജീവികളുടെ ചിത്രങ്ങൾ ഷെയർ ചെയ്യുന്നു. വായിച്ചാലും വായിച്ചാലും തീരാത്ത പ്രകൃതി എന്ന പാഠപുസ്തകത്തിലേക്ക് കുട്ടികളെയും രക്ഷിതാക്കളെയും നയിക്കാനാണ് ഈ പ്രവർത്തനം

ആസൂത്രണം ചെയ്തിരിക്കുന്നത്. ഷെയർ ചെയ്യുന്ന ചിത്രങ്ങളും വിവരങ്ങളും ഡോക്യുമെന്റ് ചെയ്യുന്നു. ഇതിലൂടെ പ്രകൃതി നിരീക്ഷണവും പ്രകൃതിസംരക്ഷണവും വളർത്തുവാനും പാഠപുസ്തകത്തിനു പുറമെ കൂടുതൽ പ്രകൃതിയെ അറിയാനും ജീവജാലങ്ങളെ നിരീക്ഷിക്കാനും സഹായിക്കുന്നു. മനുഷ്യർ കാരണം പ്രകൃതിക്കും ജീവജാലങ്ങൾക്കും ഉണ്ടാകുന്ന ദോഷം മനസിലാകുന്നു. പ്രവർത്തനങ്ങളിൽ സക്രിയരാകാനും പങ്കാളികളാകുന്നു.

കാലയളവ്: ജൂൺ - മാർച്ച്

## പാട്ടരങ്ങ്

ജൂൺ - മാർച്ച്

ഉപലക്ഷ്യങ്ങൾ

ഭാഷാ പഠനത്തിൽ പാട്ടിനും, കവിതക്കും, വായ്ത്താരികൾക്കും പ്രധാനമായ സ്ഥാനമാണ് ഉള്ളത്. താളാത്മകമായ ഭാഷ ആശയവതരണത്തിൽ പ്രകാരമുള്ള പഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിൽ ഒന്നാണിത്. കുട്ടികളിൽ പഠനതാൽപര്യം വളർത്താനും

പഠനം രസകരമാക്കുന്നതിനും വായനയ്ക്കും പാട്ടുകൾക്കും സഹായിക്കുന്നു. വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുന്നതിനും അവ ചെറുസദസ്സിനു മുന്നാകെ അവതരിപ്പിക്കുന്നതിനും അവസരമൊരുക്കുന്ന പാട്ടരങ്ങ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനമാണ്.

പ്രവർത്തന ഘട്ടങ്ങൾ

- കേൾക്കുന്ന പാട്ടുകൾ ഈണവും താളവും പാലിച്ചുകൊണ്ട് ഏറ്റു ചൊല്ലുന്നു.
- പാഠപുസ്തകത്തിലെ കവിതകളും വായനക്കാരികളും താളത്തോടെയും ഈണത്തിലും അവതരിപ്പിക്കുന്നു.

## രചനോത്സവം

ആശയാവതരണ രീതി പ്രകാരമുള്ള ഭാഷാ പഠനത്തിൽ കുട്ടികളുടെ ആശയ പ്രകാശത്തിന് അനുയോജ്യമായ രചനാപ്രവർത്തനങ്ങൾ ആവശ്യമാണ്.

ഉപലക്ഷ്യങ്ങൾ :-

- കുട്ടികളുടെ സർഗശേഷി വികസിപ്പിക്കുന്നതിന്
- സ്വതന്ത്രരചനക്ക് അവസരമൊരുക്കുന്നതിന്

പ്രവർത്തന ഘട്ടങ്ങൾ

* കുട്ടികളുടെ രചനകളുടെ പതിപ്പ് തയാറാക്കുന്നു, പ്രകാശിപ്പിക്കുന്നു.

## പോഷകാഹാര പരിപാടി

ലക്ഷ്യം:-

കുട്ടികൾക്ക് പോഷക സമൃദ്ധമായ ഭക്ഷണം നൽകുക.

പ്രവർത്തനങ്ങൾ

- മുട്ട ബിരിയാണി - മാസത്തിൽ 2
- മധുരം (പായസം) - മാസത്തിൽ 1
- സദ്യ - ഓണം, ക്രിസ്മസ് (വിശേഷ ദിവസങ്ങളിൽ)
- പ്രാദേശിക വിഭവങ്ങൾ - രക്ഷിതാക്കൾ

ചുമതല :- അധ്യാപകർ, പിടിഎ, എസ്എംസി

## കാവ്യക്കൂട്ടം

കുട്ടികളുടെ കവിതകൾ ശേഖരിക്കുന്നു. പതിപ്പ് തയാറാക്കുന്നു.

വിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനങ്ങൾ

- സ്കൂൾ, ക്ലാസ്, ബാലസഭ രൂപീകരണം.
- വായന സൃഷ്ടികൾ പരിചയപ്പെടുത്തുന്നു.

Scanned with OKEN Scanner

- പതിപ്പ് നിർമ്മാണം
- മത്സരങ്ങൾ സംഘടിപ്പിക്കുന്നു.
- വായനാനുഭവം പങ്കിടൽ
- പത്രവായന

- **ഉപമേഖല: ശാസ്ത്രാഭിരുചി വളർത്തൽ**

ലക്ഷ്യം – ശാസ്ത്രാഭിമുഖ്യമുള്ള പുതുതലമുറയെ സൃഷ്ടിക്കൽ

പ്രവർത്തനങ്ങൾ

- ലഘു പരീക്ഷണങ്ങൾ
- പരീക്ഷണ പതിപ്പ്
- ശാസ്ത്രലോകത്തെ പരിചയപ്പെടൽ (ICT സാധ്യത)
- ശാസ്ത്രമേള
- ക്വിസ് മത്സരങ്ങൾ

- **ഉപമേഖല : ജൈവവൈവിധ്യം**

ലക്ഷ്യം – പ്രകൃതി സ്നേഹം, ജൈവവൈവിധ്യം തിരിച്ചറിയുന്നതിനുള്ള പഠനം

പ്രവർത്തനങ്ങൾ

→ അടുക്കളത്തോട്ടം → പഠനയാത്ര
→ പച്ചക്കൃഷി
→ ഫീൽഡ്ട്രിപ്പ്

## ക്ലബ് പ്രവർത്തനങ്ങൾ

ലക്ഷ്യം : വിവിധ ക്ലബ്ബുകളുടെ രൂപീകരണം (ജൂൺ)

- ക്ലബ് പ്രവർത്തനങ്ങൾ
- മാഗസിൻ
- ക്ലബ് മീറ്റിംഗ്

കാലയളവ് - ജൂലൈ - മാർച്ച്

ചുമതല - ക്ലബ് കൺവീനർ

- ഉപമേഖല - IEDC കുട്ടികൾക്ക് പ്രത്യേക പരിഗണന

ലക്ഷ്യം - IEDC കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി മുൻനിരയിലെത്തിക്കാനുള്ള പ്രവർത്തന പാക്കേജ്

പ്രവർത്തനങ്ങൾ

- ICT സാധ്യത ഉപയോഗിച്ചു കാണുകയും മറ്റ പ്രവർത്തനങ്ങൾ നൽകുന്നു.
- ചിത്രരചന,
- കളികൾ
- ICT games
- ടാലന്റ് ലാബിൽ ഉൾപ്പെടുത്തി കഴിവുകൾ വികസിപ്പിക്കുന്നു.

കാലയളവ് - ജൂൺ - മാർച്ച്

ചുമതല - അധ്യാപകർ, SMC, PTA

# സ്കൂൾ - നിലവിലെ അവസ്ഥ

## ഭൗതിക നേട്ടങ്ങൾ

പൂർണ്ണമായും വൈദ്യുതീകരിച്ചതും ടൈലുകൾ പാകിയതുമായ രണ്ടു ക്ലാസ് മുറികളോടു കൂടിയതും ആധുനിക പഠനസൗകര്യത്തോടു കൂടിയ ക്ലാസ്സ് മുറികളുടെ പ്രവർത്തനം പൂരോഗമിച്ചുകൊണ്ടിരിക്കുന്നു. ഉടൻ തന്നെ കെട്ടിട ഉദ്ഘാടനം നടത്തുമെന്ന് അറിയിച്ചിട്ടുണ്ട്. കുടിവെള്ളം, കളിസ്ഥലം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റ്, പാചകപ്പുര എന്നിവ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയിട്ടുണ്ട്.

## ഭൗതികം - പരിമിതികൾ

- ചുറ്റുമതിൽ ഇല്ല.
- അടുക്കള, ഊണുമുറി എന്നിവ അപകടാവസ്ഥയിലാണ്.
- ലാബ് സൗകര്യം ഇല്ല.
- ഇന്റർനെറ്റ് പ്രവർത്തനരഹിതമാണ്.

Scanned with OKEN Scanner